(സി) നീർത്തടാധിഷ്ഠിത വികസനം, സ്ത്രീയും വികസനവും മുതലായവയായിരുന്നു മുഖ്യ വിഷയങ്ങൾ.

(ഡി) ജനകീയാസൂത്രണത്തിന്റെ പരിശീലനങ്ങളിൽ അനുദ്യോഗസ്ഥർ ക്ലാസ്സ് എടുത്തത് സന്നദ്ധ സേവനമായിട്ടാണ്. അവർക്ക് ദിനബത്ത നൽകിയിട്ടില്ല. ക്ലാസ്സെടുക്കുന്നതിന് ക്യാമ്പിൽ വന്നു പോകുന്നതിനുള്ള യഥാർത്ഥ രണ്ടാം ക്ലാസ്സ് യാത്രക്കൂലി മാത്രമാണ് നൽകിയിട്ടുള്ളത്. ഈയിനത്തിൽ ചെലവായ തുക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ഇ) 10-ൽപരം പരിശീലന സ്ഥാപനങ്ങൾ വഴിയാണ് ഈ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്. ചെലവായ തുക സംബന്ധിച്ച വിശദവിവരം ശേഖരിച്ചു വരുന്നു.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ 31-12-2000 വരെ പരിശീലനത്തിനു വേണ്ടി 421.43 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം 272.43 ലക്ഷം രൂപയും ബാക്കിയുള്ള 149 ലക്ഷം രൂപ കേന്ദ്ര സർക്കാർ, സ്വീസ് ഡെവലപ്മെന്റ് ഏജൻസി തുടങ്ങിയവയിൽനിന്ന് ലഭ്യമായതുമാണ്.

ജനകീയാസൂത്രണം സംബന്ധിച്ച പരിശീലനം

37 (970) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജനകീയാസൂത്രണത്തിനുവേണ്ടി 1996-97 മുതൽ ഇതുവരെ ജന പ്രതിനിധികൾ, ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺസ് എന്നിവർക്ക് എന്തെല്ലാം തരത്തിലുള്ള പരിശീലനം നൽകി എന്ന് അറിയിക്കുമോ ;

(ബി) എല്ലാവർക്കും കൂടി എത്ര ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട് ;

(സി) ഈ പരിശീലനം ലഭിച്ചവർ എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ അവർ ചെയ്യുന്നുണ്ടോ എന്നുറപ്പു വരുത്തുവാനുള്ള സംവിധാനമെന്തെന്ന് വിശദീകരിക്കുമോ ;

(ഇ) ജനകീയാസൂത്രണ പരിശീലനത്തിനായി 1996-97, 1997-98, 1998-99, 1999-2000 എന്നീ ഓരോ വർഷത്തിലും 2000-2001-ൽ 2000 ഡിസംബർ 31 വരെയും എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ 2001 ഫെബ്രുവരി വരെ നടത്തിയിട്ടുള്ള പരിശീലനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ജനകീയാസൂത്രണത്തിന്റെ പരിശീലനങ്ങൾ സംസ്ഥാന ജില്ലാ-ബ്ലോക്ക് തലങ്ങളിലും മേഖലാടിസ്ഥാനത്തിലും പ്രാദേശികമായും നടത്തിയിട്ടുള്ളവയാണ്. ഒരു ദിവസം മുതൽ അഞ്ചു ദിവസം വരെ ദൈർഘ്യമുള്ള പരിശീലനങ്ങളും ശില്പശാലകളും സെമിനാറുകളും അവയിൽ ഉൾപ്പെടുന്നുണ്ട്. ഒരേ പരിശീലനത്തിന് ഒന്നിൽ കൂടുതൽ ബാച്ചുകളും നടത്തിയിട്ടുണ്ട്. അവയെല്ലാം കൂടി ആകെ എത്ര ദിവസമായിരുന്നുവെന്ന് കണക്കാക്കുക ശ്രമകരമാണ്. എങ്കിലും പ്രധാനപ്പെട്ട പരിശീലനങ്ങളുടെ കാലദൈർഘ്യം അനുബന്ധം ആയി കൊടുത്തിട്ടുള്ള പട്ടികയിൽ നൽകിയിട്ടുണ്ട്.†

(സി) ദ്വിതീയ വിവരശേഖരണം, നടപ്പു പദ്ധതി അവലോകനം, വികസന റിപ്പോർട്ടുകൾ തയ്യാറാക്കുക, വികസന സെമിനാറുകളും ഗ്രാമസഭകളും സംഘടിപ്പിക്കുക, പദ്ധതി രേഖയും പ്രോജക്ടുകളും തയ്യാറാക്കുക എന്നിവയായിരുന്നു. 1997-98ലെ പരിശീലനം ലഭിച്ചവർ ചെയ്യേണ്ടിയിരുന്ന പ്രധാന പ്രവർത്തനങ്ങൾ. പ്രോജക്ടുകളുടെ കരട് തയ്യാറാക്കുക, ഗ്രാമസഭകളും, വികസന സെമിനാറുകളും സംഘടിപ്പിക്കുക, പ്രോജക്ടുകളും പദ്ധതി രേഖയും പൂർണ്ണമാക്കുക, പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അനുവാദം നൽകുക, പദ്ധതി നിർവ്വഹണം വിലയിരുത്തൽ, അവലോകനം എന്നീ പ്രവർത്തനങ്ങളാണ് തുടർന്നുള്ള വർഷങ്ങളിൽ പ്രധാനമായും ചെയ്യേണ്ടിയിരുന്നത്.

(ഡി) പരിശീലനം ലഭിച്ചിട്ടുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരെല്ലാം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവരാണ്. ഓരോ വിഭാഗത്തിന്റെയും കൂട്ടായ പ്രവർത്തനഫലമായാണ് പദ്ധതിരേഖയും പ്രോജക്ടുകളും തയ്യാറാക്കുന്നതും പരിശോധന നടത്തുന്നതും, സാങ്കേതിക അനുവാദം നൽകുന്നതും നിർവ്വഹണം നടത്തുന്നതും. ഈ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികളും ഗ്രാമസഭകളും വാർഡുസഭകളുമാണ്. കൂടാതെ തദ്ദേശ്സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിരേഖയും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതികൾ പരിശോധിക്കുകയും അംഗീകാരം നൽകുകയും ചെയ്യുമ്പോഴും പദ്ധതി ആസൂത്രണ നടപടികൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

† അനുബന്ധം - XI

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജനകീയാസൂത്രണത്തിന്റെ പരിശീലനച്ചെലവുകൾ ചുവടെ നൽകുന്നു.

വർഷം	ചെലവ് (ലക്ഷത്തിൽ)
1996-97	50.22
1997-98	72.55
1998-99	91.18
1999-2000	120.22
2000-2001 (31-12-2000 വരെ)	87.26

ജനകീയാസൂത്രണ പരിശീലന ചെലവുകൾ 83.25 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും, 65.75 ലക്ഷം രൂപ സിസ് ഡെവലപ്മെന്റ് ഏജൻസിയിൽ നിന്നുമുള്ള ധനസഹായമാണ്.

ജനകീയാസൂത്രണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിദഗ്ധസമിതികൾ

38 (971) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭകൾ എന്നിവയിലോരോന്നിനും ശരാശരി എത്ര വിദഗ്ധ സമിതികളുണ്ടായിരുന്നു ;

(ബി) ഈ വിദഗ്ധ സമിതികളുടെ ഉത്തരവാദിത്വങ്ങളും കാർത്തവ്യങ്ങളും എന്തെല്ലാമാണ് ;

(സി) ഈ സമിതികളുടെ പ്രവർത്തനത്തിനായി 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ഓരോന്നിലും ഒട്ടാകെ എന്തു ചെലവ് വന്നിട്ടുണ്ട് ;

(ഡി) 2000-2001 ൽ ഇതുവരെ ഈ സമിതികൾക്കു വേണ്ടി എന്തു തുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ജനകീയാസൂത്രണത്തിന് ഗ്രാമപഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും വിദഗ്ധ സമിതികൾ പ്രവർത്തിക്കുന്നില്ല. ബ്ലോക്ക് തലത്തിലും മുനിസിപ്പാലിറ്റി തലത്തിലും കോർപ്പറേഷൻ തലത്തിലും ജില്ലാ തലത്തിലും ഒന്നുവീതം ആകെ 224 വിദഗ്ധ സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രേഖയും പ്രോജക്ടുകളും പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ നൽകുക, ജില്ലാ ആസൂത്രണ സമതിയുടെ അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അനുവാദം നൽകുക എന്നിവയാണ് വിദഗ്ദ്ധസമിതികളുടെ പ്രധാന ചുമതലകൾ. ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾ ബ്ലോക്ക് തല

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[28-2-2001-ലെ നക്ഷത്ര ചിഹ്നമിടാത്ത 37 (970)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

1.1 1997-98-ലെ പരിശീലനങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ

പരിശീലന ഘട്ടം	സംസ്ഥാനതലം	ജില്ലാതലം	ബ്ലോക്ക്തലം	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലം
(1)	(2)	(3)	(4)	(5)
I	കെ. ആർ. പി	ഡി. ആർ പി.	-	എൽ. ആർ. പി.
II	കെ. ആർ. പി	ഡി. ആർ. പി.	-	എൽ. ആർ. പി.
III	ഫാക്കൽറ്റി	കെ. ആർ. പി. ഉദ്യോഗസ്ഥർ	ഡി.ആർ.പി കർമ്മസമിതി അംഗങ്ങൾ ജന പ്രതിനിധികൾ	-
IV	ജനപ്രതിനിധികൾ കെ. ആർ. പി	-	-	-
V	ജനപ്രതിനിധികൾ കെ. ആർ. പി	-	-	-
VI	ഫാക്കൽറ്റി	സന്നദ്ധസാങ്കേതികസമിതി	സന്നദ്ധ സാങ്കേതിക സമിതി	-
VII	ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ	-	കെ. ആർ. പി ഡി. ആർ. പി സന്നദ്ധ സങ്കേതിക സമിതി ഉദ്യോഗസ്ഥർ	

നോട്ട്

1. കെ. ആർ. പി. - കീ റിസോഴ്സ് പേഴ്സൺ ഡിസ്ട്രിക്ട്
2. സി. ആർ. പി - ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺ
3. എൽ. ആർ. പി. - ലോക്കൽ റിസോഴ്സ് പേഴ്സൺ
4. ഫാക്കൽറ്റി - സംസ്ഥാന അദ്ധ്യാപകർ

LIBRARY ARCHIVES Kerala Legislative Assembly

1.2 1997-98-ലെ പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം

പരിശീലന ഘട്ടം	സംസ്ഥാനതലം	ജില്ലാതലം	ബ്ലോക്ക്തലം	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലം
(1)	(2)	(3)	(4)	(5)
I	375 (5)	11716 (3)	-	1,00,000 (1)
II	660 (3)	11808 (2)	-	1,00,000 (1)
III	300 (4)	1146 (3)	15,00,000 (2)	-
IV	3014 (3)	-	10,000 (2)	-
V	1186 (3)	-	-	-
	304 (2)	-	-	-
VI	150 (2)	6000 (2)	6,000 (1)	-
	300 (3)	-	6,000 (1)	-
VII	2890 (2)	-	25,000 (2)	-
	3360 (2)	-	-	-

നോട്ട്

1. ഓരോ പരിശീലനത്തിന്റെയും കാലദൈർഘ്യം ബ്രാക്കറ്റിൽ നല്കിയിട്ടുണ്ട്.

2. തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ പ്രസിഡന്റ്മാരുടെയും ചെയർപേഴ്സൺസിന്റെയും മൂന്ന് സംസ്ഥാനതല ഏകദിനകോൺഫറൻസുകൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ, ജില്ലാതല വിദഗ്ദ്ധസമിതി അംഗങ്ങൾ, സന്നദ്ധസാങ്കേതികസമിതി അംഗങ്ങൾ, കീറിസോഴ്സ്പേഴ്സൺമാർ എന്നിവരുടെ മേഖലാകോൺഫറൻസുകൾ, ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺമാരുടെ ജില്ലാതല കോൺഫറൻസുകൾ മതുലായവ ഇട്ട ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

1.3 1997-98-ലെ പരിശീലന വിഷയങ്ങൾ

പരിശീലനവിഷയങ്ങൾ	പരിശീലനഘട്ടങ്ങൾ						
	I	II	III	IV	V	VI	VII
1. വികസനത്തിന്റെ വെല്ലുവിളികൾ	✶	●		✶	✶	✶	
2. വികേന്ദ്രീകൃത ആസൂത്രണം	✶	●	●	●	●	●	●
3. നിയമങ്ങളും ചട്ടങ്ങളും	✶	●		■	✶		✶
4. ഗ്രാമസഭകൾ	✶						
5. ഭൂപട നിർമ്മാണം	■	✶					
6. ദ്വിതീയ വിവരശേഖരണം	●	✶					
7. വികസന റിപ്പോർട്ടുകൾ	●	✶					
8. പ്രോജക്ടുകൾ		■	✶	✶	■	■	●
9. പദ്ധതിരേഖ				✶	✶	■	●
10. അവലോകനം	●	■	■				
11. വികസനമേഖലാപരിപ്രേക്ഷ്യങ്ങൾ	●	✶	✶	●			
12. നിർവഹണം						●	✶
13. സൂക്ഷ്മ പ്രോജക്ടുകളുടെ മാതൃക		●	●	✶			
14. പദ്ധതി സംയോജനം					✶		
15. പട്ടികജാതി/പട്ടികവർഗ്ഗ വികസനവും വനിതാ വികസനവും	●	●	●			●	

നോട്ട്

● പ്രധാന വിഷയം
✶ ഉപവിഷയം
■ ചെറുവിഷയം

LIBRARY ARCHIVES Kerala Legislative Assembly

1.4 1998-1999 ലെ കർമ്മസമിതി അംഗങ്ങളുടെ പരിശീലനം

(ഓരോ വികസനമേഖലയ്ക്കും ഓരോ ദിവസം വീതം)

	വികസനമേഖല	സംസ്ഥാന ഫാക്കൽറ്റി (എണ്ണം)	ജില്ലാ ഫാക്കൽറ്റി (എണ്ണം)	ശില്പശാലയിൽ പങ്കെടുത്തവർ (എണ്ണം)
	(1)	(2)	(3)	(4)
1.	കൃഷി	75	600	15000
2.	മൃഗസംരക്ഷണം	60	350	5000
3.	മത്സ്യബന്ധനം	40	300	3000
4.	വിദ്യാഭ്യാസം	50	500	5000
5.	ആരോഗ്യം	50	300	10000
6.	അങ്കൻവാടി	40	300	10000
7.	കുടിവെള്ളം	30	300	5000
8.	വനിതാവികസനം	40	500	10000
9.	ഊർജ്ജം	30	300	5000
10.	സഹകരണം	30	300	5000
11.	പൊതുമരാമത്ത്	30	600	10000
12.	ശുചിത്വം	40	300	10000
13.	പട്ടികജാതി പട്ടികവർഗ്ഗ വികസനം	30	300	5000

LIBRARY ARCHIVES Kerala Legislative Assembly

1.5 1999-2000-ലെ പരിശീലന സ്ഥാപനങ്ങളിലൂടെ പരിശീലനം
(ഓരോ വിഷയത്തിനും ഓരോ ദിവസം വീതം)

പരിശീലനം നടത്തിയ സ്ഥാപനങ്ങൾ	പരിശീലന വിഷയം	ബാച്ചുകൾ (എണ്ണം)	പങ്കെടുത്തവർ (എണ്ണം)
(1)	(2)	(3)	(4)
1. ആസൂത്രണസെൽ	പഞ്ചായത്തുകളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കൽ	20	6000
2. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ	പൊതുമരാമത്ത് പാർപ്പിടം	29	2251
3. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്	കേന്ദ്രാവിഷ്കൃത പരിപാടികളുടെ സംയോജനം	28	1078
4. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്	നീർത്തടമാസ്റ്റർ പ്ലാൻ	94	5790
5. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്	പദ്ധതി നിർവഹണം	29	3371
6. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്	വനിതാ പ്രോജക്ടുകൾ	16	3932
7. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്	പട്ടികജാതി പട്ടികവർഗ്ഗ വികസനം	30	3965
8. സി-ഡിറ്റ്	കമ്പ്യൂട്ടർ പരിശീലനം	1	65
9. ഐ. ആർ. റ്റി. സി.	ഊർജ്ജ പ്രോജക്ടുകൾ	13	500
ഐ. ആർ. റ്റി. സി	വിദ്യാഭ്യാസ പ്രോജക്ടുകൾ	20	780
10. ആസൂത്രണസെൽ	നാലാംവാർഷിക പദ്ധതി ആസൂത്രണം	14	420
11. ആസൂത്രണസെൽ/തിരുവനന്തപുരം മെഡിക്കൽ കോളേജ്	ആരോഗ്യ പ്രോജക്ടുകൾ	14	1200
	ആകെ	**308**	**29352**

LIBRARY ARCHIVES Kerala Legislative Assembly

1.6 2000-2001 ലെ പരിശീലന പരിപാടികൾ

പരിശീലനം വിഷയം പങ്കെടുത്ത വിഭാഗം	ബാച്ച് (എണ്ണം)	ദൈർഘ്യം (എണ്ണം)	പങ്കെടുത്തവർ (എണ്ണം)
(1)	(2)	(3)	(4)
1. പഞ്ചായത്ത് ഭരണം			
1.1 പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ	13	2	2493
2. നീർത്തട വികസനം			
2.1 നീർത്തട വികസന പരിശീലനം	6	2	593
2.2 നോഡൽ പ്രേരക്മാർ	1	2	153
2.3 ഫാക്കൽറ്റി.	1	2	191
ആകെ (2)	8		937
3. വനിതാവികസനം			
3.1 മാനവീയം സ്ത്രീ പദവി പഠനം	12	2	3984
3.2 ഫാക്കൽറ്റി (പുതിയ അംഗങ്ങൾ)	1	2	67
3.3 ഫാക്കൽറ്റി (മുൻ അംഗങ്ങൾ)	1	1	77
3.4 തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ	8	3	2701
3.5 മുൻജനപ്രതിനിധികൾ	3	1	287
ആകെ (3)	25	-	7116
4. ജനപ്രതിനിധികൾക്ക് പരിശീലനം			
4.1 ജനപ്രതിനിധികളുടെ ഫാക്കൽറ്റി	1	1	101
4.2 ജനപ്രതിനിധികളുടെ പരിശീലനം	6	3	1851
4.3 ജനപ്രതിനിധികളുടെ പരിശീലനം	8	3	1162
4.4 ജനപ്രതിനിധികളുടെ പരിശീലനം	4	3	1898
4.5 മുനിസിപ്പാലിറ്റികളിലെ ജനപ്രതിനിധികളുടെ പരിശീലനം	2	2	312
4.6 ജില്ലാ പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെ പരിശീലനം	1	2	205
4.7 ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെ പരിശീലനം	4	2	1060
ആകെ (4)	26	-	6589

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)	(3)	(4)
5.	റിസോഴ്സ്പേഴ്സൺമാരും കോ-ഓർഡിനേറ്റർമാരും			
5.1	കെ. ആർ. പി	4	2	657
5.2	കെ. ആർ. പി	3	2	585
5.3	കോ-ഓർഡിനേറ്റർമാർ	1	1	160
5.4	സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺമാർ	3	4	867
	ആകെ (5)	11		2269
6.	പ്രത്യേകഘടക പദ്ധതി കോ ഓർഡിനേറ്റർമാരും സോഷ്യൽ ആക്ടിവിസ്റ്റുകളും			
6.1	ട്രൈബൽ സോഷ്യൽ ആക്ടിവിസ്റ്റുകൾ	1	5	200
6.2	ട്രൈബൽ സോഷ്യൽ ആക്ടിവിസ്റ്റുകൾ	1	5	231
6.3	ട്രൈബൽ സോഷ്യൽ ആക്ടിവിസ്റ്റുകൾ	1	5	226
6.4	എസ്. സി. പി. കോ ഓഡിനേറ്റർമാർ	2	2	837
6.5	എസ്. സി. പി. കോ ഓഡിനേറ്റർമാർ ട്രൈബൽ സോഷ്യൽ ആക്ടിവിസ്റ്റുകൾ	7	2	1700
	ആകെ (6)	12		3194
7.	ജില്ലാതല പരിശീലനങ്ങൾ			
7.1	ജനപ്രതിനിധികൾ	62	2	10360
7.2	ഡി. ആർ. പി (മൊബൈൽ ടീം)	43	2	6773
7.3	സാക്ഷരതാ പ്രേരക്മാർ	15	1	2335
7.4	അങ്കൻവാടി പ്രവർത്തകർ	105	1	15089
7.5	ബ്ലോക്ക്തല ശില്പശാല	108	1	17392
7.6	പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ	14	1	2905
	ആകെ (7)	347		54854

LIBRARY ARCHIVES Kerala Legislative Assembly